# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ഏപ്രിൽ 16

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ പരാജയപ്പെട്ട വിദ്യാർഥികൾക്കായുള്ള അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013, 2014, 2015, 2016 അഡ്മിഷൻ) പരീക്ഷകൾ മെയ് 15ന് ആരംഭിക്കും.

(പി.ആർ.ഒ./39/729/2019)

**പ്രാക്ടിക്കൽ**

2019 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എ. മ്യൂസിക് വോക്കൽ സി.ബി.സി.എസ്.എസ്. (2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 24 മുതൽ മെയ് ഒൻപതുവരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും.

(പി.ആർ.ഒ./39/730/2019)

**എം.ബി.എ. (ഓഫ് കാമ്പസ്) സൂക്ഷ്മപരിശോധന**

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ നാലുവ രെ സെമസ്റ്റർ എം.ബി.എ. ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ വിവിധ വിഷയങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ഏപ്രിൽ 25, 26 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷ ഭവനിലെ ഇ.ജെ. എട്ട് സെക്ഷനിൽ (226-ാം നമ്പർ മുറി) അസൽ ഹാൾടിക്കറ്റ്/തിരിച്ചറിയൽ രേഖകളുമായി നേരിട്ട് ഹാജരാകണം.

(പി.ആർ.ഒ./39/731/2019)

**എം.എ. ഇക്കണോമിക്സ് (പ്രൈവറ്റ്); അന്തിമ സ്ഥാനപട്ടിക**

2015 ജൂണിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (പ്രൈവറ്റ്) പരീക്ഷയുടെ അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു. എറണാകുളം സെന്റ് തെരേസാസ് കോളേജിലെ നൈസി കെ. കബീർ, ആലുവ യു.സി. കോളേജിലെ വി.എ. നസിയ, എറണാകുളം മഹാരാജാസ് കോളേജിലെ കെ.സി. സന്ധ്യ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

(പി.ആർ.ഒ./39/732/2019)

**പരീക്ഷ ഫലം**

2018 ഏപ്രിലിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. സോഷ്യോളജി, പൊളിറ്റിക്സ്, മലയാളം (പ്രൈവറ്റ്) റഗുലർ, സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 25 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/733/2019)

2018 ഏപ്രിലിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 25 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/734/2019)

## യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷ പരിശീലനം

കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷയ്ക്കുള്ള പരിശീലനം മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. വിശദവിവരത്തിന് ഫോൺ: 0481-2731025, 7559940413.

(പി.ആർ.ഒ./39/735/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ